വാഹനങ്ങൾക്ക് സുരക്ഷാ നമ്പർ പ്ലേറ്റ് സ്ഥാപിക്കുന്നതിന് നടപടി

167 (1895) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനങ്ങളുടെ നമ്പർ പ്ലേറ്റുകളിലെ കൃത്രിമത്വം ഒഴിവാക്കുന്നതിനും രാജ്യമൊട്ടാകെ ഏകീകൃത സംവിധാനം ഏർപ്പെടുത്തുന്നതിനുമായി ആവിഷ്ക്കരിച്ച അതിസുരക്ഷാ നമ്പർ പ്ലേറ്റ് സംവിധാനം സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എന്നുമുതൽ ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(സി) നിലവിലുള്ള വാഹനങ്ങൾക്ക് സുരക്ഷാ നമ്പർ പ്ലേറ്റ് സ്ഥാപിക്കുന്നതിന് സാവകാശം നൽകുമോ ;

(ഡി) ഇതിനായി വിവിധയിനം വാഹനങ്ങൾക്ക് എത്ര രൂപ ചെലവാകും എന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഇ) കുറഞ്ഞ ചെലവിൽ സുരക്ഷാ നമ്പർ പ്ലേറ്റ് സ്ഥാപിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രീ. മനീന്ദർജിത്ത് സിംഗ് ബിട്ട ഫയൽ ചെയ്ത Writ petition (Civil) No.510/2005-നു മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതി 13-8-2010-ൽ പുറപ്പെടുവിച്ച വിധിപ്രകാരം സംസ്ഥാനത്ത് അതിസുരക്ഷാ നമ്പർപ്ലേറ്റുകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുവാനും പ്രാരംഭ ഘട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ നടപ്പിലാക്കുവാൻ എട്ട് ആഴ്ചക്കുള്ളിൽ ദർഘാസ് വിളിക്കുവാൻ നിർദ്ദേശിക്കുകയുമുണ്ടായി. G.O. (MS) No. 69/2010/Tran dated 7-10-2010 ഉത്തരവ്പ്രകാരം ഈ മൂന്ന് ജില്ലകളിൽ അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ നടപ്പിലാക്കുവാൻ ദർഘാസ് വിളിക്കാൻ സർക്കാർ അനുമതി നൽകുകയും അതിൻപ്രകാരം 7-10-2010-ൽ ട്രാൻസ്പോർട്ട് കമ്മീഷണർ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. മേൽപറഞ്ഞ ദർഘാസ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-1-2011 ആയിരുന്നു. രണ്ട് സ്ഥാപനങ്ങൾ (1) M/s Ackruti Securities Pvt. Ltd. Mumbai. (2) M/s. Kerala SIDCO. Trivandrum ദർഘാസ് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി 31-1-2011-ൽ W.P. (C) 3149/2011-നു മേൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ദർഘാസിനുമേലുള്ള തുടർ നടപടികൾക്ക് കോടതി ഉത്തരവ് കാത്തിരിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദർഘാസിനുമേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ അത് തീർപ്പാക്കിയാൽ മാത്രമേ ഇനി തുടർ നടപടികളെടുക്കുവാൻ സാധിക്കുകയുള്ളൂ. അതിനാൽ എന്ന് മുതൽ ആരംഭിക്കുമെന്ന് പറയുവാൻ നിർവ്വാഹമില്ല. ദർഘാസിലെ നിബന്ധനകളനുസരിച്ച് അതിസുരക്ഷാ നമ്പർ പ്ലേറ്റ് സ്ഥാപിക്കാൻ യോഗ്യത ലഭിക്കുന്ന സ്ഥാപനം കരാർ ഒപ്പിട്ട് മൂന്നു മാസത്തിനകം ഈ പദ്ധതി നടപ്പാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) കേന്ദ്ര മോട്ടോർ വാഹന ചട്ടപ്രകാരം പദ്ധതി നടപ്പിലാക്കുന്ന തീയതി മുതൽ രണ്ട് വർഷത്തിനകം നിലവിലുള്ള വാഹനങ്ങളിൽ സുരക്ഷാ നമ്പർ പ്ലേറ്റ് സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ഡി) പദ്ധതി നടപ്പിലാക്കിയാൽ മാത്രമേ എത്ര രൂപ ചെലവാകുമെന്ന് പറയാൻ കഴിയുകയുള്ളൂ.

(ഇ) നിലവിൽ യാതൊരു സംവിധാനവുമില്ല.

കോഴിക്കോട് ജില്ലയിൽ കെ.എസ്.ആർ.ടി.സി. പുതിയ സർവ്വീസുകൾ

168 (1896) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ ഏതെല്ലാം റൂട്ടിലേക്ക് കെ.എസ്.ആർ.ടി.സി. പുതുതായി സർവ്വീസ് ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര ബസ്സുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഏതെങ്കിലും പുതിയ റൂട്ടിൽ സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ഉൾപ്പെടെയുള്ള യൂണിറ്റുകളിൽ അനുവദിച്ചിട്ടുള്ള സർവ്വീസുകൾ

കോഴിക്കോട്-30 സർവ്വീസ് പുതുതായി അനുവദിച്ചു. എന്നാൽ അതിൽ 15 സർവ്വീസ് ഡിപ്പോ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സമീപ യൂണിറ്റുകളിലേക്ക് മാറ്റിയിട്ടുണ്ട്.

ഇപ്പോൾ നടത്തപ്പെടുന്ന 15 സർവ്വീസ്

1. കോഴിക്കോട്-ബാംഗ്ലൂർ ഡീലക്സ്-2
2. കോഴിക്കോട്-മൈസൂർ എക്സ്പ്രസ്സ്-4
3. കോഴിക്കോട്-കടലുണ്ടിക്കടവ് ഓർഡിനറി-2

LIBRARY ARCHIVES Kerala Legislative Assembly